**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6606 — 21.11.2019-ൽ മറുപടിയ്ക്ക്

**ചാലക്കുടിയിൽ ഹൈപ്പർ മാർക്കറ്റ്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡ് വക വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് എന്തെങ്കിലും പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കിഴക്കേ ചാലക്കുടിയിലുള്ള സ്ഥലത്ത് 5 നിലകളുള്ള കോമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 2016-ൽ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ നിലവിൽ ഈ സ്ഥലം ഭാരത് പെട്രോളിയം കോർപ്പറേഷന്റെ ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് വാടകയ്ക്ക് നൽകുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഒരു ഹൈപ്പർ മാർക്കറ്റ് പ്രസ്തുത സ്ഥലത്ത് ആരംഭിയ്ക്കുന്നതിനായി അനുമതി ലഭ്യമാക്കുന്നതിനായി എന്തെങ്കിലും അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br><br>(ഡി) അതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) യും (ഡി) യും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ ചാലക്കുടി ബസ് സ്റ്റേഷന് സമീപത്തുള്ള സ്ഥലം സപ്ലൈകോയ്ക്ക് ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇത് സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ